## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2359** **12.06.2018-ൽ മറുപടിയ്ക്ക്**

**<u>ചരക്ക് സേവന നികുതി (ജി.എസ്.ടി.)</u>**

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചരക്ക് സേവന നികുതി (ജി.എസ്.ടി.) നിലവിൽ വന്ന ശേഷം സേവനമേഖലയിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച നികുതി യുടെ വ്യക്തമായ കണക്ക് ലഭ്യമാക്കുമോ; | (എ) | ചരക്ക് സേവന നികുതി (ജി.എസ്.ടി) നിലവിൽ വന്നശേഷം ചരക്കു സേവന നികുതിയിൽ നിന്നും 2017 ആഗസ്റ്റ് മുതൽ 2018 മാർച്ച് വരെ 11467.62 കോടി രൂപ (എസ്.ജി.എസ്.ടിയും ഐ.ജി.എസ്.ടിയും ആയി) ലഭിച്ചു. സേവന മേഖലയിൽ നിന്ന് മാത്രം ലഭിച്ച നികുതി സംബന്ധിച്ച വ്യക്തമായ കണക്ക് ലഭ്യമല്ല. |
| (ബി) | ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പ്രകാരം പ്രസ്തുത നികുതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടം 2015-16 -ലെ നികുതി പിരിവിന്റെ അടിസ്ഥാന ത്തിൽ 2016-17, 2017-18 എന്നീ വർഷങ്ങളിൽ നഷ്ടപരിഹാരമായി ലഭിച്ച തുക എത്രയാണെന്ന് വിശദ മാക്കുമോ? | (ബി) | ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പ്രകാരം പ്രസ്തുത നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടായ വരുമാന നഷ്ടം 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 2838 കോടി രൂപ നഷ്ടപരിഹാരമായി ലഭിച്ചിട്ടുണ്ട്. 2016-17 ൽ നഷ്ട പരിഹാരം ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ